(ഡി) M/s കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് എന്ന പൊതു സ്വകാര്യ മേഖല സംയുക്ത സംരംഭം, കരിമണൽ ഖനനത്തിന് സർക്കാരിൽ സമർപ്പിച്ച 29 അപേക്ഷകളിൽ അനുകൂല തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ട് WP(C)No. 3435/10, 34346/10, 5420/11 എന്നീ കേസുകൾ ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചു. ബഹു.ഹൈക്കോടതി ഈ കേസുകൾ ഒന്നിച്ച് പരിഗണിച്ച്, പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി സർക്കാർ പരിഗണിച്ച് കമ്പനിക്ക് അനുകൂലമായി തീർപ്പാക്കണമെന്ന് 21-2-2013-ൽ വിധിന്യായം പുറപ്പെടുവിച്ചു. ഇതിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത, WANo. 1610/14, 1611/14, 1621/14 എന്നീ അപ്പീലുകൾ തള്ളിക്കളഞ്ഞുകൊണ്ട് ഡിവിഷൻ ബെഞ്ച് 13-11-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൈത്തറി പുനരുദ്ധാരണ പദ്ധതി

228 (4219) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കൈത്തറി പുനരുദ്ധാരണ പദ്ധതി (RRR) വഴി കേരളത്തിൽ എത്ര സംഘങ്ങൾക്ക് സഹായം നൽകി; ജില്ല തിരിച്ച് സംഘങ്ങളുടെ പേരും, അനുവദിച്ച തുകയും, ഏതെല്ലാം ഇനത്തിലാണ് സഹായം നൽകിയത് എന്നുള്ളതും വിശദമാക്കാമോ ;

(ബി) കേരളത്തിൽ നിന്ന് എത്ര തുകയുടെ സഹായ പദ്ധതിക്കാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ ;

(സി) 2010-ന് ശേഷവും കുടിശ്ശികയ്ക്ക് പലിശ നൽകണമെന്ന് ജില്ലാ സഹകരണ ബാങ്കുകൾ കൈത്തറി സംഘങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ളതും, അതിനായി പുതിയ പ്രത്യേക ബോണ്ട് വെയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം കേരളത്തിൽ ആകെ 353 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ സഹായം ലഭിക്കുന്നതിന് അർഹത നേടിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 122 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തുക വിതരണം ചെയ്തുകഴിഞ്ഞു. രണ്ടാംഘട്ടത്തിലെ 232 സംഘങ്ങളിൽ ഒമ്പത് ജില്ലകളിലെ 54 സംഘങ്ങൾക്ക് പാക്കേജനുസരിച്ചുള്ള കേന്ദ്രവിഹിതം നൽകിയിട്ടുണ്ട്. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിൽ രണ്ട് ഘട്ടങ്ങളിലായി ഉൾപ്പെട്ട സംഘങ്ങളുടെ പേര്, തുക, ജില്ല എന്നിവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എൻ.സി.ഡി.സി. വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാനും 31-3-2010 വരെയുള്ള ബാങ്ക് വായ്പയുടെ നൂറ് ശതമാനവും പലിശയുടെ ഇരുപത്തിയഞ്ച് ശതമാനവും (എൻ.പി.എ. ആകുന്നതുവരെയുള്ള) തിരിച്ചടവ് നടത്താനും ഐ.സി.ഡി.പി. ലോൺ കുടിശ്ശിക നൽകുന്നതിനും സംഘത്തിലെ പഴയ സ്റ്റോക്കിനും സഹായം നൽകുന്നതാണ്.

(ബി) ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട സംഘങ്ങൾക്കായി കേന്ദ്ര സംസ്ഥാന വിഹിതമുൾപ്പെടെ 29.01 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. രണ്ടാംഘട്ടത്തിൽ പ്രാഥമിക സംഘങ്ങൾക്കും ഹാന്റെക്സ്, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്കുമായി കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 180.73 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കൈത്തറി സഹകരണ സംഘം അസോസിയേഷൻ 30-10-2014-ൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ജില്ലാ ബാങ്കുകളുടെ മറുപടി ലഭിച്ചശേഷം തീരുമാനമെടുക്കുന്നതാണ്.

വാഴാതി-വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

229 (4220) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന വാഴാതി - വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ മിൽ ഇപ്പോൾ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് ; മില്ലിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ബാദ്ധ്യതയുള്ളത് ; അത് എത്ര തുക വരും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വാഴാനി-വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി മുപ്പത് കോടി രൂപയുടെ നവീകരണ പദ്ധതി എൻ.സി.ഡി.സി.-യുടെ ധനസഹായത്താൽ നടത്തുന്നതിലേക്കുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. അത്യാവശ്യ അറ്റകുറ്റപ്പണികൾ തീർത്ത് മെഷീനറികൾ പ്രവർത്തിപ്പിക്കുന്നതിലേക്കായി 132.4 ലക്ഷം രൂപ 2013-14 ബഡ്ജറ്റിൽ അനുവദിക്കുകയും അതുപയോഗിച്ച് അറ്റകുറ്റപ്പണികൾ തീർത്ത് ഏകദേശം 13000 സ്പിന്റിലുകൾ ഉൽപ്പാദനക്ഷമത കൈവരിച്ച് പ്രവർത്തിച്ചുവരുന്നു.